# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## കുമാരപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**





## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ജില്ലാ ഓഡിറ്റ് കാര്യാലയം

## ആലപ്പുഴ-688001

**ഇ-മെയിൽ: ddhglfalpy@gmail.com**

**ഫോൺ : 0477-2252753**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 10 - 1096/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 21/12/2024
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുമാരപുരം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 10 - 1096/2024 തീയ്യതി: 21/12/2024

# ആലപ്പുഴ ജില്ലയിലെ കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2023 മുതൽ 31-10-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ലിജിലാൽ ബി. | ഡെപ്യൂട്ടി ഡയറക്ടർ | 29-11-2024 | 07-12-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 29-11-2024 | 07-12-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.സി.സി. ജ്യോതിമോൻ, ഓഡിറ്റ് ഓഫീസർ
ശ്രീമതി രാജി.എസ്,അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.മനേഷ് കുമാർ.ജി,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി ടീനുടോം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഒ.സൂസി | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീമതി സിന്ധു ഈശ്വരൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2023 | 04-07-2023 |
| ശ്രീമതി.അമൃത റ്റി മോഹൻ | സെക്രട്ടറി | 05-07-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാഹില ബീവി | കൃഷിഓഫീസർ | 01-04-2023 | 31-05-2023 |
| അനന്തപത്മനാഭൻ | കൃഷിഓഫീസർ | 01-06-2023 | 31-03-2024 |
| ഡോ.ദിവ്യ ആർ തങ്കം | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| രാജിമോൾ.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| രമ.റ്റി | ഹെഡ്മിസ്ട്രസ്സ് | 01-04-2023 | 31-03-2024 |
| അജിത | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2023 | 26-06-2023 |
| ലത.കെ.പി | ഐസിഡിഎസ് സൂപ്പർവൈസർ | 27-06-2023 | 31-03-2024 |
| ഡോ.ലിൻഡ അലക്സ് | മെഡിക്കൽ ഓഫീസർ (പിഎച്ച്സി) | 01-04-2023 | 05-07-2023 |
| ഡോ.ദിവ്യ ജയറാം ദാസ് | മെഡിക്കൽ ഓഫീസർ,പിഎച്ച്സി | 06-07-2023 | 31-03-2024 |
| ഡോ.ശ്രീധർ.എം.എച്ച് | മെഡിക്കൽ ഓഫീസർ ,ആയുർവേദം | 01-04-2023 | 21-11-2023 |
| ഡോ.ദീപ | മെഡിക്കൽ ഓഫീസർ ,ആയുർവേദം | 22-11-2023 | 14-02-2024 |

| | | | |
|---|---|---|---|
| ഡോ.ഗ്രീഷ്മദാസ്.സി | മെഡിക്കൽ ഓഫീസർ ,ആയുർവേദം | 15-02-2024 | 31-03-2024 |
| ഡോ.സ്മിത എം നായർ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2023 | 22-09-2023 |
| ഡോ.ഗാന്ധിമതി | മെഡിക്കൽ ഓഫീസർ,ഹോമിയോ | 23-09-2023 | 31-03-2024 |
| അൻസിയ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| അഖിൽദാസ്, വാർഡ് 7-14 | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| അബ്ദുൾ അഫാർ,വാർഡ് 1-6, വാർഡ് 15 | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2023 | 10-07-2023 |
| അനിൽ കുമാർ,വാർഡ് 1-6, വാർഡ് 15 | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 11-07-2023 | 31-03-2024 |
| സിന്ധു ഈശ്വരൻ | അസി.സെക്രട്ടറി | 01-04-2023 | 11-07-2023 |
| ജയശ്രീ.ജെ.വി | അസി.സെക്രട്ടറി | 12-07-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ധനകാര്യകമ്മീഷൻ ബേസിക് ഗ്രാന്റ് ചെലവ് യഥാർത്ഥ ചെലവുമായി പൊരുത്തപ്പെടുന്നില്ല | 1-1-1 |
| 3 | ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) ഗ്രാന്റ് ആകെ വരവിനേക്കാൾ അധികം ചെലവഴിച്ചു | 1-1-2 |
| 4 | തനത് ഫണ്ടിൽ നിന്നുള്ള പദ്ധതി ചെലവ് വിവരം പൂർണ്ണമായും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-3 |
| 5 | ലൈസൻസ് ഫീസ് കളക്ഷൻ- എ.എഫ്.എസും രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | വസ്തു നികുതി ഡി.സി.ബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | വിവിധ ഡിമാന്റ് രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല | 1-1-6 |
| 8 | അക്കൗണ്ട്സ് പ്രകാരമുള്ള ഡെപ്പോസിറ്റുകളുടെ കൃത്യത പരിശോധിക്കുവാനാവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-7 |
| 9 | ബജറ്റ് - അവലോകനം | 1-2-1 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഫണ്ട് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമപദ്ധതികൾ | 1-7 |
| 16 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 18 | ഓഡിറ്റ് ഇംപാക്ട് - പ്രിന്റിംഗ് ചാർജ്ജ് -ആദായനികുതി ഈടാക്കി | 1-10 |
| 19 | രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ | 1-11 |
| 20 | ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല | 1-12 |
| 21 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 1-13 |
| 22 | ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി ചുമത്തിയില്ല | 1-14 |
| 23 | പൊതുജനങ്ങൾക്ക് അപ്രാപ്യമായ വിധം പ്രവർത്തിക്കുന്ന ഗ്രന്ഥശാല | 1-15 |
| 24 | ഐഎസ്ഒ സർട്ടിഫൈഡ് പഞ്ചായത്തിൽ റെക്കാർഡ് റൂം ക്രമീകരിച്ചിട്ടില്ല | 1-16 |
| 25 | ഫണ്ട് യഥാസമയം ചെലവഴിക്കാതെ- പദ്ധതി കടലാസിൽ മാത്രം ഒതുങ്ങുന്നു | 1-17 |

| | | |
|---|---|---|
| 26 | പെർഫോമൻസ് ഗ്രാന്റിനത്തിൽ അധികം പിൻവലിച്ച തുക നാളിതുവരെ ക്രമപ്പെടുത്തിയില്ല | 1-18 |
| 27 | പൊതുടാപ്പുകളുടെ വെള്ളക്കരം - കുടിശ്ശിക പഞ്ചായത്തിന് ബാധ്യതയാകുന്നു | 1-19 |
| 28 | സാമൂഹ്യസുരക്ഷാ പെൻഷൻ സസ്പെന്റ് ചെയ്യുന്നതിൽ കാലതാമസം | 1-20 |
| 29 | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-21 |
| 30 | ലൈഫ് ഭവനപദ്ധതി - ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിച്ചില്ല | 1-22 |
| 31 | ഇടവേളകളില്ലാതെ തുടരുന്ന ഇടവിള കൃഷി | 1-23 |
| 32 | ഗ്രാമപഞ്ചായത്തിലെ അങ്കണവാടികൾ - ഒരു അവലോകനം | 1-24 |
| 33 | പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നില്ല | 1-25 |
| 34 | കാലിവീപ്പയുടെ വിലയും 18% ജി.എസ്.ടിയും തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു | 1-26 |
| 35 | തൊഴിലുറപ്പ് പദ്ധതി -നടത്തിപ്പിലെ അപാകതകൾ | 1-27 |
| 36 | തൊഴിലുറപ്പ് പദ്ധതി -കയർഭൂവസ്ത്രം വിരിക്കൽ അപാകതകൾ | 1-28 |
| 37 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ | 1-29 |
| **ഭാഗം 2** | | |
| 1 | ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി ചുമത്തിയില്ല | 2-1 |
| **ഭാഗം 3** | | |
| 1 | തൊഴിലുറപ്പ് പദ്ധതി -കയർഭൂവസ്ത്രം വിരിക്കൽ അപാകതകൾ | 3-1 |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I)കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശ പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 10.06.2024-ലെ കമ്മറ്റി 1-ാം നമ്പർ തീ പ്രകാരം തയ്യാറാക്കി 29.06.2024 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾ സമർപ്പിക്കപ്പെട്ടിട്ടുള്ള കുമാരപുരം ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2024 അവ വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾ സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് ഉത്തരവാദിത്തം.

II)കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓ മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപന ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമാ ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് പ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാ പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌ തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്ത അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III)എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും വ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണ വിധേയമായി കുമാരപുരം ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേ വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാ നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

## 1-1-1 ധനകാര്യകമ്മീഷൻ ബേസിക് ഗ്രാന്റ് ചെലവ് യഥാർത്ഥ ചെലവുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്ക് പ്രകാരമുള്ള ധനകാര്യകമ്മീഷൻ ബേസിക് ഗ്രാന്റ് ചെല
ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ ചെലവ് പത്രിക, എന്നിവയും യഥാർത്ഥ ചെല
14676 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

## 1-1-2 ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) ഗ്രാന്റ് ആകെ വരവിനേ അധികം ചെലവഴിച്ചു

ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം 18000/- രൂപ
വരവിനേക്കാൾ അധികം ചെലവഴിച്ചു.

## 1-1-3 തനത് ഫണ്ടിൽ നിന്നുള്ള പദ്ധതി ചെലവ് വിവരം പൂർണ്ണമായ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനത്തിന് തനത് ഫണ്ടിൽ
ചെലവഴിച്ച 10000/- രൂപയുടെ ചെലവ് വിവരം വാർഷിക ധനകാര്യ പത്രിക,
പത്രിക എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല.

## 1-1-4 ലൈസൻസ് ഫീസ് കളക്ഷൻ- എ.എഫ്.എസും രജിസ്റ്ററും തമ്മ പൊരുത്തപ്പെടുന്നില്ല

ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് ഫീസ് കളക്ഷൻ 186500/- രൂ
എന്നാൽ എ.എഫ്.എസ് പ്രകാരം ഈയിനത്തിലെ വരവ് 187500/- രൂപ എന്ന് കാ

## 1-1-5 വസ്തു നികുതി ഡി.സി.ബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നി

2022-2023 ലെ വാർഷിക കണക്ക് പ്രകാരം വസ്തു നികുതി ക
പിരിച്ചെടുക്കുവാൻ അവശേഷിച്ചിരുന്നത് 45000/- രൂപ മാത്രമാണ്.
പരിശോധനയ്ക്ക് ലഭ്യമാക്കിയ ഡി.സി.ബി പത്രിക പ്രകാരം വസ്തുനികുതി ക
111312/- രൂപ ഉള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു.

കൂടാതെ തൻവർഷത്തെ എ.എഫ്.എസ് പ്രകാരമുള്ള വസ്തു നികുതിയുടെ
ഡിമാന്റിനേക്കാൾ 22981 രൂപ അധികം കളക്ട് ചെയ്തതായി കാണുന്നു. വ
വിശദമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (9/3.12.24) സാംഖ്യ
വെയറിൽ വരുത്തിയിട്ടുള്ള ഇന്റേണൽ അഡ്ജസ്റ്റ്മെന്റ് മൂലമാണ് വ
വരുന്നതെന്നറിയിച്ചു. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. ധനകാര്യ
പ്രകാരമുള്ള ഡി.സി.ബിയും രജിസ്റ്റർ പ്രകാരമുള്ള ഡി.സി
പൊരുത്തപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓ
ബോധ്യപ്പെടുത്തേണ്ടതാണ്.

## 1-1-6 വിവിധ ഡിമാന്റ് രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല

1.ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് തിരിച്ച് കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ലാത്ത ലൈസൻസ് ഫീസ്, ട്രേഡേഴ്സ് തൊഴിൽ നികുതി എന്നിവയുടെ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

2. പെർമിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, പാരാമെഡിക്കൽ സ്ഥാപന ലൈസൻസ് രജിസ്റ്റർ, എന്നിവ കൃത്യമാക്കി സംക്ഷിപ്തം സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ഈയിനങ്ങ വരവിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

## 1-1-7 അക്കൗണ്ട്സ് പ്രകാരമുള്ള ഡെപ്പോസിറ്റുകളുടെ കൃത്യത പരിശോധിക്കുവാനാവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്ററിൽ മുന്നിരിപ്പ് എന്ന് രേഖപ്പെടുത്തിയിട്ടുള്ള തുകക കാലയളവിൽ ഏത് പദ്ധതിക്കായി നൽകിയിട്ടുള്ളതാണെന്നും ആയ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതും പരിശോ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (9/3.12.24) ലഭ്യ മറുപടിയിൽ ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നട സ്വീകരിക്കുന്നതാണെന്നും അതുപോലെ അക്കൗണ്ട്സുമായി ബന്ധ അപാകതകളും പരിഹരിക്കുന്നതാണെന്ന് അറിയിച്ചു.

| B-18 ഷെഡ്യൂൾ പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയിട്ടുള്ള തുക | മുന്നിരിപ്പ് | തൻവർഷം | ആകെ |
|---|---|---|---|
| കെ.എസ്.ഇ.ബി | 3137097 | 500000 | 3637097 |
| കെ.ഡബ്ല്യൂ.എ | 3766252 | 543000 | 4309252 |
| ജി.ഡബ്ല്യൂ.എ | 810000 | 00 | 81000 |
| പി.ഡബ്ല്യൂ.ഡി | 34777 | 00 | 34777 |
| അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഓഫീസേഴ്സ് | 921754 | 00 | 921754 |
| താല്ക്കാലിക അഡ്വാൻസ് ഒഫിഷ്യൽ പർപ്പസ് | 86200 | 00 | 86200 |
| അഡ്വാൻസ് ടു അദേഴ്സ് | 24650 | 00 | 24650 |

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ സൂചിപ്പിച്ചിട്ടുള്ള വിധം അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകളുടെ ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല.

## 1-2-1 ബജറ്റ് - അവലോകനം

ബജറ്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. <u>പെർഫോമൻസ് ബജറ്റ് പാസ്സാക്കിയിട്ടില്ല</u>

ബജറ്റ് മാനുവൽ ചട്ടം 3.1.4 പ്രകാരം പട്ടിക 3-1 അനുസരിച്ച് തയ്യാറാക്കുന്ന പ്രവർത്തനാധിഷ്ഠിതമായിരിക്കേണ്ടതാണ്. ആയതിന് പട്ടിക 3-2ൽ നൽകി മാതൃകയിൽ പെർഫോമൻസ് ബജറ്റ് തയ്യാറാക്കേണ്ടതാണ്. എന്നാൽ ഇത്ത ഒരു പെർഫോമൻസ് ബജറ്റ് തയ്യാറാക്കിയിട്ടില്ല.

2. ജെന്ററർ ബജറ്റ് പാസ്സാക്കിയിട്ടില്ല

ബജറ്റ് മാനുവൽ ചട്ടം 3.1.5 പ്രകാരം ജന്ററർ ബജറ്റ് തയ്യാറാക്കി ലിംഗാധിഷ്ഠിതമായി വീക്ഷിക്കേണ്ടതാണ്. ആയതിന് പട്ടിക 3-3ൽ നൽകി മാതൃകയിൽ ജന്ററർ ബജറ്റ് തയ്യാറാക്കേണ്ടതാണ്. എന്നാൽ നിശ്ചിത മാതൃ ജന്ററർ ബജറ്റ് തയ്യാറാക്കിയിട്ടില്ല.

3. ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവ്

| ക്രമ നം. | ഹെഡ് | ഹെഡിന്റെ വിവരണം | പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | യഥാർത്ഥ ചെലവ് (I&E Statement പ്രകാരം) | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | 2201201 | വാർത്താ വിനിമയ ചെലവുകൾ | 120000 | 131416 | വകയിരുത്തിയ നേക്കാൾ കൂടുതൽ ചെല |
| 2 | 2204001 | ഇൻഷുറൻസ്/ രജിസ്ട്രേഷൻ | 15000 | 19062 | വകയിരുത്തിയ നേക്കാൾ കൂടുതൽ ചെല |
| 3 | 2305007 | സംരക്ഷണവും അറ്റകുറ്റപ്പണികളും വൈദ്യുതി | 00 | 8221 | വകയിരുത്തൽ ഇല്ലാതെ ചെല |

മേൽക്കാണിച്ചിട്ടുള്ള അപാകതകൾ സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ( അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നത അറിയിച്ചു. നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്ക സോഫ്റ്റ്‌വെയർ പ്രകാരം പ്രൊവിഷനില്ല. അക്കൗണ്ടിംഗ് സോഫ്റ്റ്‌വെ ഐ.എൽ.ജി.എം.എസ് – മായി ബജറ്റ് ലിങ്ക് ചെയ്യിട്ടില്ലാത്തതിനാൽ സ്ഥാപനത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ക്രമീകരണമായിട്ട് പ്രവർത്തിക്കുന്നതിനും നിലവിൽ സാധിച്ചിട്ടില്ല. ബജറ്റ് മാനുവൽ ചട്ടം 3 എന്നിവ അനുശാസിക്കും വിധം പെർഫോമൻസ് ബജറ്റ്, ജന്ററർ ബജറ്റ് പാസ്സാക്കേണ്ടതാണ്. കൂടാതെ അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറുമായി ബജ ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-2 ബജറ്റ്

2023-24 ലെ ബജറ്റ് 23.3.2023 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 12.02.2024 ലെ 1-ാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 28,49,10,609 | 28,13,35,071 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | 17,59,32,048 | 17,43,81,859 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 78,76,523 |
| വരവ് | 5,37,30,831 |

| | |
|---|---|
| ആകെ | 6,16,07,354 |
| ചെലവ് | 4,42,10,664 |
| നീക്കിയിരിപ്പ് | 1,73,96,690 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | സോഴ്സിൽ പിടിച്ചത് | അലോട്ട്മെന്റ് വരവ് | ആകെ | ചെലവ് | നീക്കി ലാപ്സായ |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 5512828 | 8996172 | 1,45,09,000 | 1,41,53,916 | 3,55,084 (ലാപ്സാ |
| വികസനഫണ്ട് എസ്.സി.പി. | 0 | 506492 | 1458508 | 19,65,000 | 19,65,000 | 00 |
| വികസനഫണ്ട് ടി.സി.പി. | 0 | 83698 | 115302 | 199000 | 199000 | 00 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 0 | 9090000 | 9090000 | 2329446 | 6760554 (ലാപ്സാ |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 0 | 2936000 | 2936000 | 2936000 | 00 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്-ബാങ്ക് | 00 | 0 | 18,02,000 | 18,02,000 | 17,45,428 | 56572 * (നീക്കി |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്-അൺടൈഡ്-ബാങ്ക് | 1,302 | 0 | 24,10,624 (പലിശ 8624/- രൂപ ഉൾപ്പെടെ) | 24,11,926 | 13,03,810 | 1108116 (നീക്കി |

*വ്യത്യാസം 1-1-1, 1-1-2 എന്നിവയിൽ സൂചിപ്പിച്ചിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവര ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകര ശതമാനം |
|---|---|---|---|---|---|---|
| 146 | 137698491 | 40 | 48467682 | 49 | 57 | 27.4% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരു |
|---|---|---|---|---|---|
| ഭരണചെലവുകൾ | 930366 | 1411060 | 2341426 | 2341426 | 00 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 89672620 | 89672620 | 89672620 | 00 |
| **ആകെ** | 930366 | 91083680 | 92014046 | 92014046 | 00 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്ക എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | ₹63,93,200 | 558 |
| വിധവാ പെൻഷൻ | ₹88,88,400 | 874 |
| വാർദ്ധക്യകാല പെൻഷൻ | ₹1,59,32,500 | 1681 |
| വികലാംഗ പെൻഷൻ | ₹30,32,200/- | 271 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | ₹7,84,200.00 | 71 |
| വിവാഹ ധനസഹായം | ₹60000 | 2 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ബാലൻസ് പരിശോധന 29.11.2024 തീയതിയിൽ 04:00 P.M സമയത്ത് സെക്രട്ട സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9321/- രൂപ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവ സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹ കാര്യക്ഷമമാക്കുന്നതിനായി 02.07.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവ പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഒ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഓഫീസ് പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി സെക്രട്ടറി സമയങ്ങളിൽ പുറപ്പെടുവിക്കുന്ന ഓഫീസ് ഉത്തരവുകൾ പലതും ബ ജീവനക്കാർ ഒപ്പ് വെക്കുന്നില്ല.
2. ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവ കാലി സൂക്ഷിക്കുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ മുന്നിരിപ്പ് എന്ന് രേഖപ്പെടുത വലിയ തുക ചേർത്തിട്ടുണ്ടെങ്കിലും ഈ തുക ഏതൊക്കെ പ്രവൃത്ത ഏതെല്ലാം ഏജൻസികൾക്ക് നൽകിയിട്ടുള്ളതാണെന്നുള്ള വി രേഖപ്പെടുത്തിയിട്ടില്ല.
3. ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണം കുറ്റമറ്റതാക്ക നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-10 ഓഡിറ്റ് ഇംപാക്റ്റ് - പ്രിന്റിംഗ് ചാർജ്ജ് -ആദായനികുതി ഈടാക

1961-ലെ ഇൻകം ടാക്സ് ആക്റ്റിലെ സെക്ഷൻ 194 (C) പ്രകാരം ഒറ്റ തവ കോൺട്രാക്ടർക്ക് 30,000/- രൂപയിൽ അധികം നൽകുമ്പോഴോ ഒരു സാമ്പത്തിക നൽകുന്ന ആകെ തുക 1,00,000/-രൂപ കവിയുമ്പോഴോ കരാറുകാരന് അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% സ്ഥാപനങ്ങളാണെങ്കി നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. ഒ നടപ്പാക്കിയ പദ്ധതി രൂപീകരണ മോണിറ്ററിംഗ് ചെലവുകൾ (S0008/24) എന്ന ഫയൽ പരിശോധിച്ചതിൽ, പ്രിന്റിംഗ് ജോലികൾക്കായി 2023-24 ൽ കരാറി

1,18,287/- രൂപ കൈപ്പറ്റിയ ഡി കെ ഡിസൈൻ എന്ന സ്ഥാപനത്തിൽ നിന്നും നികുതി ഈടാക്കിയിരുന്നില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം.0 നൽകിയതിനെ തുടർന്ന് ടി സ്ഥാപനത്തിൽ നിന്നും 2366/-(1240800102/03.12. ഈടാക്കി മറുപടി ലഭ്യമാക്കി. തുക ആദായനികുതി വകുപ്പിൽ ഒടുക്കേണ്ടതാ

## 1-11 രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ വിവിധ വരവിനങ്ങളുടെ രജിസ്റ്ററുകൾ പരിശോധ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല എന്ന് കാണുന്നു വിവരം ചുവടെ ചേർക്കുന്നു.

**1.** ട്രേഡ്സ് ലിസ്റ്റ്

ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളുടെ അടിസ്ഥാനത്തിൽ ട്രേഡ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷി

**2.** പാരാമെഡിക്കൽ സ്ഥാപന രജിസ്റ്റർ

പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ സൂക്ഷിക്കുന്ന രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും അതിൽ സംക്ഷിപ്ത വി രേഖപ്പെടുത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കു

**3.** പെർമിറ്റ് ഫീസ് രജിസ്റ്റർ

പെർമിറ്റ് ഫീസ് രജിസ്റ്റർ ഓരോ സാമ്പത്തിക വർഷം അവസാനിക്കുമ്പോ വർഷത്തെ ആകെ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷ തുടർച്ചയായി വിവരങ്ങൾ രേഖപ്പെടുത്തിപ്പോരുകയാണ് ചെയ്യുന്നത്. ന വിവരങ്ങൾ രേഖപ്പെടുത്തി വാർഷിക ധനകാര്യ പത്രികയുമായി പൊരുത്ത സൂക്ഷിക്കേണ്ടതാണ്.

**4.** അഡ്വാൻസ് രജിസ്റ്റർ

ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള അഡ്വാൻസ് രജിസ്റ്ററിൽ ജീവന നൽകുന്ന ഫെസ്റ്റിവെൽ അഡ്വാൻസ് രേഖപ്പെടുത്തുന്നതിനോടൊപ്പം കേര അതോറിട്ടി, ഭൂജലവകുപ്പ്, ഇലക്ട്രിസിറ്റി ബോർഡ് എന്നിവയ്ക്ക് ഡെ വർക്കുകൾക്ക് നൽകുന്ന തുകകളുടെ വിവരവും രേഖപ്പെടുത്തി വരുന്നു. തന്നെ മുന്നിരിപ്പ് / നീക്കിയിരിപ്പ് എന്ന പേരിൽ വളരെ വലിയ രേഖപ്പെടുത്തിയിരിക്കുകയാണ്. ഓരോ ഏജൻസിക്കും മുൻകാല നൽകിയിട്ടുള്ള തുകകൾ ഏതൊക്കെ പദ്ധതികൾക്കായി എപ്പോ നൽകിയതാണെന്നോ അവയുടെ പൂർത്തീകരണം നടന്നിട്ടുള്ളതാണോ വി സാക്ഷ്യപത്രം ലഭിച്ചിട്ടുള്ളതാണോ തുടങ്ങിയ വിവരങ്ങൾ ഒന്നും രേഖപ്പെടുത്തിയിട്ടില്ല. വാർഷിക ധനകാര്യ പത്രിക ബി-18 ഷെഡ്യൂൾ എന്നിവയിൽ, ഭൂജല വകുപ്പിൽ 810000/- രൂപയും പി.ഡബ്യൂ.ഡിയിൽ 34777/- മുൻകാലങ്ങളിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തി ഇപ്രകാരം നൽകിയ തുകകളുടെ വിനിയോഗ വിവരങ്ങളൊന്നും ഗ്രാമ പഞ്ചാ ലഭ്യമല്ല. ഡെപ്പോസിറ്റ് വർക്കുകൾക്കായി നൽകിയ തുകകളുടെ വി പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും മുൻകാലങ്ങളിൽ നൽകി തുകകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കി രജിസ്റ്റർ കാലി സൂക്ഷിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി

I) ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച്:-

ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ, പാരാമെ
സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ
ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്ക
എന്ന് ബോധ്യപ്പെട്ടു.

1) യു.എസ്.ആർ മൾട്ടിസ്പെഷ്യാലിറ്റി ഹോസ്പിറ്റൽ

2) ലാബ് ടെക്ക് ഡയഗനോസ്റ്റിക്ക് സെന്റർ

4) പോപ്പുലർ ബജാജ് (ലൈസൻസ് അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം-6)

5) കീർത്തി പി.വി.സി പ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ്(ലൈസൻസ് അപേക്ഷ പ്ര
ജീവനക്കാരുടെ എണ്ണം-4)

6)രേവതി ക്ലിനിക്ക്

7)ഉപാസന ക്ലിനിക്കൽ ലാബ്

8)കാരുണ്യ മെഡിക്കൽസ്

മേൽ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ
എൻക്വയറി (നം. 11/03.12.2024) ക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം സ്ഥാപന
രേഖാമൂലം കത്ത് നൽകി തുക ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത
റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
ഈടാക്കാനവശേഷിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ ത
നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി രസീത് നമ്പർ സഹിതം ഓ
ബോധ്യപ്പെടുത്തേണ്ടതാണ്.

<u>II) ഓഡിറ്റ് ഇംപാക്ട്- ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കി</u>

മേൽപ്പറഞ്ഞതും ചുവടെ ചേർക്കുന്നതുമായ സ്ഥാപനങ്ങളിലെ ജീവന
തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല എന്ന് ഓഡിറ്റ് എൻക്വ
11/03.12.2024) മുഖാന്തിരം ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന്
എന്റർപ്രൈസസ്(ലൈസൻസ് അപേക്ഷ പ്രകാരം ജീവനക്കാരുടെ
ജീവനക്കാരുടെ തൊഴിൽ നികുതിയായ 1800/-രൂപയും പലിശ 198 രൂപയും സ
06.12.2024ലെ 1240800187 രസീത് നമ്പർ പ്രകാരം പഞ്ചായത്തിൽ ഒടുക്കി
ക്ലിനിക്കൽ ലാബ് ജീവനക്കാരുടെ തൊഴിൽ നികുതിയായ 240/-രൂപയും പ
രൂപയും സഹിതം 06.12.2024ലെ 1240800182 രസീത് നമ്പർ പ്രകാരം പഞ്ചാ
ഒടുക്കി. ചെല്ലപ്പൻ ചേട്ടന്റെ ചായക്കട (ലൈസൻസ് അപേക്ഷ
ജീവനക്കാരുടെ എണ്ണം-7) ജീവനക്കാരുടെ തൊഴിൽ നികുതിയായ 2130/-
പലിശ 170 രൂപയും സഹിതം 06.12.2024ലെ 1240800180 രസീത് നമ്പർ
പഞ്ചായത്തിൽ ഒടുക്കി. സേവന മെഡിക്കൽ ലാബ് ജീവനക്കാരുടെ ത
നികുതിയായ 600/-രൂപയും പലിശ 54 രൂപയും സഹിതം 05.12.2024ലെ 124080016
നമ്പർ പ്രകാരം പഞ്ചായത്തിൽ ഒടുക്കി.

## <u>1-13 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല</u>

I)തൊഴിൽ നികുതി രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ, എന്നിവ പരിശോധ
ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ
ഈടാക്കിയില്ല.

1) മുത്തൂറ്റ് മൈക്രോഫിൻ ലിമിറ്റഡ്

2) പോപ്പുലർ മോട്ടോർ കോർപ്പറേഷൻ

ഈടാക്കാനവശേഷിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ

ഈടാക്കി രസീത് നമ്പർ സഹിതം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

II) ഓഡിറ്റ് ഇംപാക്ട്- സ്ഥാപന തൊഴിൽ നികുതി അടവാക്കി

അഥീന എക്സ്പോർട്ട്സ്, മേൽപ്പറഞ്ഞ 2 സ്ഥാപനങ്ങൾ എന്നിവയിൽ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് തുക ഈടാക്കിയിട്ടുണ്ടെങ്കിൽ നമ്പർ, തീയതി എന്നിവ സഹിതം മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി (നം. 11/03.12.2024) ക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം എക്സ്പോർട്ട്സ് അടവാക്കാ നവശേഷിച്ചിരുന്ന രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതിയായ 1250/-രൂപയും 100 രൂപ പിഴയും സഹിതം 06.12.2024ലെ 1 രസീത് നമ്പർ പ്രകാരം പഞ്ചായത്തിൽ ഒടുക്കി.

## 1-14 ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി ചുമത്തിയില്ല.

14.09.2023 ലെ കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ A3-3109/23 നമ്പർ വസ്തു നിരക്ക് അന്തിമ വിജ്ഞാപന പ്രകാരം പഞ്ചായത്ത് പരി വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന കെട്ടിടങ്ങളിൽ 100 വരെയുള്ളവയ്ക്ക് ച.മീറ്ററിനു 65/- രൂപയും, 100 ച.മീറ്റർ മുകളിൽ 5 വരെയുള്ളവയ്ക്ക് ച.മീറ്ററിനു 75/- രൂപയും, ആയി നികുതിനിരക്ക് തീരുമാനി ഫയൽ, സഞ്ചയ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർത്തി വാണിജ്യാവശ്യകെട്ടിടങ്ങൾക്ക് ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ (@ 75) ചുമത്തിയിട്ടില്ല എന്നു കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര്, കെട്ടിട നം., തീയതി | കെട്ടിട നം., തറ വിസ്തീർണ്ണം | സഞ്ചയ പ്രകാരം കണക്കാക്കിയ വസ്തുനികുതി @65 | കണക്കാക്കേണ്ട വസ്തുനികുതി @ 75 | കുറവ് |
|---|---|---|---|---|
| റഫീക്കാ, പുത്തൻപുരയിൽ | 11/146A, 26.92 ച. മീ | 65x26.92=1749.8 ലൈബ്രറി സെസ്സ്-88 ആകെ-1838/- | 75X26.92=2019 ലൈബ്രറി സെസ്സ്-101 ആകെ-2120/- | 269/- |
| | 11/146B, 26.92 ച. മീ | 65x26.92=1749.8 ലൈബ്രറി സെസ്സ്- 88 ആകെ-1838/- | 75x26.92=2019 ലൈബ്രറി സെസ്സ്-101 ആകെ-2120/- | 269/- |
| | 11/146C, 26.92 ച. മീ | 65x26.92=1749.8 ലൈബ്രറി സെസ്സ്-88 ആകെ-1838/- | 75x26.92=2019 ലൈബ്രറി സെസ്സ്-101 ആകെ-2120/- | 269/- |
| | 11/146D, 32.02 ച. മീ | 65x32.02=2081.3 ലൈബ്രറി സെസ്സ്-105 ആകെ-2187/- | 75x32.02=2401.5 ലൈബ്രറി സെസ്സ്-121 ആകെ-2523/- | 321/- |
| | ആകെ വിസ്തീർണ്ണം-112.78 ച.മീ | 7331 | 8459 | വസ്തുനികുതി കുറവ്-1128/- |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.6/03.1
ലഭ്യമാക്കിയ മറുപടി പ്രകാരം ടി കെട്ടിടങ്ങളുടെ നികുതി പുനർനിറ
ബന്ധപ്പെട്ടവരിൽ നിന്നും കുറവ് വന്ന തുക ഈടാക്കി വിവരം ഓറ
അറിയിക്കുന്നതാണെന്നും, നിലവിൽ സഞ്ചയ സോഫ്റ്റ്വെ
ഡേറ്റാപ്യൂരിഫിക്കേഷൻ ബ്ലോക്ക് ചെയ്തിരിക്കുന്നതിനാൽ സോഫ്റ്റ
ഡേറ്റാപ്യൂരിഫിക്കേഷനു വേണ്ടി ഓപ്പൺ ചെയ്ത് ലഭിക്കുന്ന മുറയ്ക്ക് അ
പരിഹരിച്ച് റിപ്പോർട്ട് ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-15 പൊതുജനങ്ങൾക്ക് അപ്രാപ്യമായ വിധം പ്രവർത്തിക്കുന്ന ഗ്രന്ഥശാല




കുമാരപുരം ഗ്രാമപഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാ നിലകളിലായിട്ടാണ് പ്രവർത്തിച്ചിരുന്നത്. മുകളിൽ പുസ്തകങ്ങൾ സൂക്ഷിക്കുന്നതിനും താഴെ നിലയിൽ വായനക്കാർക്ക് വായിക്കുന്നതിനുമായിട്ടാണ് കെട്ടിടത്തിൽ ക്രമീകരണം നടത്തിയത്. രാ മുതൽ ഉച്ചയ്ക്ക് 3 വരെ പ്രവർത്തിക്കുന്നുവെങ്കിലും വായനക്കാരുടെ വായനശാലയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിന്റെ പ്രവർത്തനത്തിന് സ്ഥലസൗകര്യ ആവശ്യം കാരണം താഴത്തെ നില പഞ്ചായത്ത് ഓഫീസായി ഉപയോഗിക്കുന്ന നിലയിലെ ഒറ്റ കുടുസ്സു മുറിയിലാണ് ഇപ്പോൾ ഗ്രന്ഥശാല പ്രവർത്തിച്ചു വരുന്ന

സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 4184 പുസ്തകങ്ങളും 20 റഫറൻസ് ഗ്രന വായനശാലയ്ക്ക് സ്വന്തമായിട്ടുണ്ട്. ചുരുക്കം ആനുകാലികപത്രങ്ങളും, മാസ് പഞ്ചായത്ത് വായനശാലയ്ക്ക് വർഷം തോറും അനുവദിച്ചിട്ടുണ്ട്. 2020 വർ ശേഷം ഗ്രന്ഥശാലയ്ക്ക് പുസ്തകം വാങ്ങുന്നതിനായി യാതൊരു വിധ പ്രോജ ആവിഷ്കരിച്ചിട്ടില്ല.



മുകൾ നിലയിലെ കെട്ടിടമായതിനാൽ വയോജനങ്ങൾക്ക് വായനശാ പുസ്തകങ്ങൾ ഉപയോഗിക്കാൻ കഴിയാതെ വരുന്നു.

ഗ്രന്ഥ ശാലയുടെ പ്രവർത്തനത്തിന് മറ്റൊരു കെ ഉപയോഗിക്കുകയാണെങ്കിൽ സ്ഥലപരിമിതി എന്ന പ്രശ്നത്തെ മറികട പ്രവർത്തനം മെച്ചപ്പെടുത്താനും വയോജനങ്ങൾക്കും പ്രയോജനപ്രദമാക്കു കൂടുതൽ സാധിക്കും. ഗ്രന്ഥശാല കമ്പ്യൂട്ടർവത്കരിക്കുകയും വിവരസാ വിദ്യയുടെ പ്രയോജനം ലഭ്യമാക്കുന്ന തരത്തിൽ വിപുലീകരിക്കുകയുമാ ഗ്രന്ഥശാലപ്രവർത്തനം കുറെക്കൂടി സജീവമായി നിലനിർത്താൻ സാധിക്കും.

വായനശാലയുടെ പ്രവർത്തനത്തിന്മേൽ പഞ്ചായത്തിന്റെ മേൽനോട്ടം ശ നടത്തേണ്ടതും വായനശാലക്കാവശ്യമുള്ള പുസ്തകങ്ങൾ ലഭ്യമാക്കുകയും ഈ നിർജ്ജീവാവസ്ഥയ്ക്ക് പരിഹാരം ഉണ്ടാക്കാൻ കഴിയും. പ്രവർത്ത മേൽനോട്ടം നടത്തി വായനശാല പുന:ക്രമീകരിക്കുന്നതിന് ഭരണസമി അടിയന്തിരശ്രദ്ധ അത്യന്താപേക്ഷിതമാണ്.

## 1-16 ഐഎസ്ഒ സർട്ടിഫൈഡ് പഞ്ചായത്തിൽ റെക്കാർഡ് റൂം ക്രമീകരിച്ചിട്ടില്ല

ഐ.എസ്.ഒ സർട്ടിഫൈഡ് പഞ്ചായത്തിൽ ഏറ്റവും മുകൾ നിലയി റെക്കാർഡ് റൂം സജ്ജമാക്കിയിട്ടുള്ളത്. റെക്കാർഡ് റൂമിൽ റാക്കുകൾ, അല എന്നിവ ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ ഫയലുകളൊന്നും തന്നെ വർഷ എന്നിവയുടെ അടിസ്ഥാനത്തിൽ ക്രമപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. റാക്കുകളി ഫയലുകൾ വെച്ചിട്ടുണ്ടെങ്കിലും അവയൊക്കെ ക്രമരഹിത സൂക്ഷിച്ചിരിക്കുന്നത്. ഐ.എസ്.ഒ യുടെ ഭാഗമായി സർവീലൻസ് നടത്തിയതിന് സ്വിസ്സ് സെർട്ട് എന്ന സ്ഥാപനത്തിന് 10,500/-രൂപ ത നൽകിയിട്ടുണ്ട്. ഐ.എസ്.ഒ. സർട്ടിഫിക്കേഷനുമായി ബ ഗ്രാമപഞ്ചായത്തിലെ പ്രവർത്തനങ്ങൾ തൃപ്തികരമെന്ന് സ്ഥാപനവും ത

റിപ്പോർട്ടിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയതിന്റെ ഭാഗമായ റെ റൂം പോലും വേണ്ട രീതിയിൽ സജ്ജമാക്കാത്ത സാഹചര്യത്തിൽ പഞ്ചായത ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ രേഖകളിൽ മാത്രമായി ഒതുങ്ങുന്നു. റെക്കാ നല്ല രീതിയിൽ ക്രമീകരിക്കുന്നതിന് പര്യാപ്തമായ സ്ഥലസൌക ലഭ്യമായിരിക്കെ ആയത് ശരിയാം വിധം സജ്ജീകരിക്കുന്നതിന് നട ണ്ടാകേണ്ടതാണ്.

**റെക്കാർഡ് റൂം**



## 1-17 ഫണ്ട് യഥാസമയം ചെലവഴിക്കാതെ- പദ്ധതി കടലാസിൽ മാ ഒതുങ്ങുന്നു

പഞ്ചായത്തിന്റെ 2023-24 ലെ പദ്ധതി ചെലവ് അടങ്കലിന്റെ 35.19 ശതമാനം മാ 13.76 കോടി രൂപ അടങ്കൽ നിശ്ചയിച്ച് പദ്ധതികൾ തയ്യാറാക്കി ഡി.പി.സി അം നേടിയെങ്കിലും 4.84 കോടി രൂപ മാത്രമാണ് ചെലവഴിക്കപ്പെട്ടത്. ആ പ്രോജക്ടുകൾ വിഭാവനം ചെയ്തതിൽ 40 എണ്ണം മാത്രമാണ് പൂർത്തിയായത്. 4 ഭാഗികമായി നടപ്പാക്കപ്പെട്ടു. 57 പ്രോജക്ടുകൾ നടപ്പായില്ല. അതായത് 27.4 ശ പ്രോജക്ടുകൾ മാത്രം പൂർത്തിയായപ്പോൾ 39 ശതമാനം പ്രോജക്ടുകളും നടപ്പ പോയി.

പ്രോജക്ടുകൾ യഥാസമയം നടപ്പാകാതിരിക്കുക വഴി പഞ്ചായത്ത് ഫണ്ടിന് നഷ്ടമാണ് ഉണ്ടാകുന്നത്. വിവിധ സർക്കാർ ഫണ്ടുകൾ, ഗ്രാന്റുകൾ ലാപ്സാകുന്ന സ്ഥിതിവിശേഷം ഉണ്ടായി. സംരക്ഷണ ഗ്രാന്റ് (റോ ശതമാനത്തോളം ലാപ്സായി. പൊതുവിഭാഗം വികസനഫണ്ടിന് ശതമാനത്തിലധികം ലാപ്സായി. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഫണ്ട അലോട്ട്മെന്റ്, വിനിയോഗം എന്നിവയുടെ വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | **അടങ്കൽ തുക** | **ചെലവ്** | **ചെലവ് ശതമാനം** | **ഉപേക്ഷിക പദ്ധതി എ** |
|---|---|---|---|---|
| കൃഷി ഓഫീസർ | 2560000 | 1885000 | 73 | 03 |
| വെറ്ററിനറി സർജൻ | 2010249 | 220674 | 10 | 01 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 3619636 | 2490991 | 68 | 02 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 300000 | 300000 | 100 | 00 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 750000 | 750000 | 100 | 00 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 80687008 | 23168998 | 28 | 05 |

| | | | | |
|---|---|---|---|---|
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 4838120 | 3125070 | 64 | 03 |
| സെക്രട്ടറി | 13087759 | 9883775 | 75 | 15 |
| അസിസ്റ്റന്റ് എൻജിനിയർ | 21680916 | 3665369 | 16 | 25 |

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ 11 പദ്ധതികളിൽ 5 പദ്ധതികളും, സെക്ര പദ്ധതികളിൽ 11 എണ്ണവും നടപ്പാക്കിയില്ല. സെക്രട്ടറിയുടെ പദ്ധതികളിൽ 1 ജി.ഒ പ്രോജക്ടുകളായിരുന്നു. ആകെ 11 പദ്ധതികളാണ് സെക്രട്ടറി സാമ്പത്തിക നടപ്പിലാക്കിയത്. അസിസ്റ്റന്റ് എൻജിനീയർ നടപ്പിലാക്കിയ മരാമത്ത് പ്രവൃ പലതും ക്യൂ ബില്ലിൽപ്പെട്ടതിനാൽ തൻവർഷം ചെലവഴി സാധിക്കാതിരുന്നത് ചെലവ് ശതമാനത്തെ സാരമായി ബാധിച്ചു. ജല പദ്ധതികൾക്കായി വാട്ടർ അതോറിട്ടി കട്ട് ചെയ്യുന്ന റോഡുകൾ യഥ പൂർത്തിയാക്കി റോഡ് പൂർവ്വസ്ഥിതിയിലാക്കി ഗ്രാമ പഞ്ചായത്തിന് കൈമാറ പദ്ധതി പ്രവർത്തനങ്ങൾക്ക് വിഘാതമായി നിലനിൽക്കുന്നു.

പ്രോജക്ടുകൾ യഥാകാലം നടപ്പാകാത്തത് വഴി പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ട അവസ്ഥ ഒഴിവാക്കാൻ ഭരണ സമിതി, കർമ്മസമിതികൾ, നി നിർവ്വഹണോദ്യോഗസ്ഥർ എന്നിവർ കൃത്യമായ മോണിറ്ററിംഗ് നടത്തേ യഥാസമയം ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്. നടപ്പാക്കാൻ കഴ വരുന്ന പ്രോജക്ടുകൾ കണ്ടെത്തി പദ്ധതി പുന:ക്രമീകരിച്ച് ആസൂത്രണ സമിതി അംഗീകാരം വാങ്ങേണ്ടതാണ്. മേൽവിഷയം പഞ്ചായത്ത് ഭരണസമിതി പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-18 പെർഫോമൻസ് ഗ്രാന്റിനത്തിൽ അധികം പിൻവലിച്ച തുക നാളിതുവരെ ക്രമപ്പെടുത്തിയില്ല

കുമാരപുരം ഗ്രാമപഞ്ചായത്ത് വിഇഒ നിർവഹണം നടത്തിയ പ്രോജക്ട് നം. ന്റെ ഭാഗമായി 83 ഗുണഭോക്താക്കൾക്ക് 5000/-രൂപ വീതം ക്രെഡിറ്റ് ചെയ്യ 4,15,000/-രൂപക്കുള്ള ചെക്ക് (നം.063064/26.03.21) യൂണിയൻ ബാങ്ക് അക്കൌണ (അക്കൌണ്ട് നം. 556002010009252) നൽകിയിരുന്നു. എന്നാൽ ടി ബാങ്ക് അക്കൌ 31.03.21 ലെ റീകൺസിലേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Directly Debited By Bank എ 90,000/- രൂപ രേഖപ്പെടുത്തിയിരുന്നു. ആയത് ടി പദ്ധതിയുടെ ഭ പെർഫോമൻസ് ഗ്രാന്റിനത്തിൽ പതിനെട്ട് ഗുണഭോക്താക്കളുടെ അക്കൌണ അധികമായി ക്രെഡിറ്റ് ചെയ്ത 90,000/- രൂപ (18x5000) യാണ്. ഗുണഭോക്താ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | തുക |
|---|---|---|
| 1 | കമലാക്ഷി | 5000/- |
| 2 | ചെമ്പകകുട്ടി | 5000/- |
| 3 | രാജു | 5000/- |
| 4 | മണിയമ്മ | 5000/- |
| 5 | സുഭാഷ് | 5000/- |
| 6 | മോളമ്മ | 5000/- |
| 7 | ശ്രീജ | 5000/- |
| 8 | സിസിലി | 5000/- |
| 9 | ദാമോദരൻ | 5000/- |

| | | |
|---|---|---|
| 10 | പൊന്നമ്മ | 5000/- |
| 11 | രമ | 5000/- |
| 12 | അജിത | 5000/- |
| 13 | മണിയമ്മ | 5000/- |
| 14 | സഹദേവൻ | 5000/- |
| 15 | ലൈല മഞ്ചു | 5000/- |
| 16 | സീമ | 5000/- |
| 17 | സുലോചന | 5000/- |
| 18 | ഗീതാമണി | 5000/- |
| ആകെ | | 90,000/- |

ഗുണഭോക്താക്കളുടെ അക്കൌണ്ടിലെക്ക് ബാങ്ക് തെറ്റായി ക്രെഡിറ്റ് ചെയ്ത 90, തിരികെ അക്കൌണ്ടിൽ ലഭ്യമാക്കുന്നതിനായി 29.12.21 (നം.എ1-5106/2017), [നം.എ1-5106/2017(1)] തീയതികളിൽ കത്ത് നൽകിയെങ്കിലും ബാങ്ക് അധിക ഭാഗത്ത് നിന്നും അനുകൂലമായ നടപടികൾ ഉണ്ടായിട്ടില്ല. ഇപ്രകാരം രണ്ട് ബാങ്കിന് സെക്രട്ടറി കത്ത് നൽകിയെങ്കിലും വിഷയം പഞ്ചായത്ത് കമ്മിറ്റിയി ചെയ്ത് തുടർനടപടി സ്വീകരിക്കുന്നതിന് ഭരണതലത്തിൽ തീരുമാനമെടുത്ത വിവരവും ലഭ്യമല്ല. ബാങ്കിന്റെ ഭാഗത്ത് നിന്നും നടപടിക്രമങ്ങളിൽ വീഴ്ച ഉണ ബാങ്കിംഗ് ഓംബുഡ്സ്മാന് പരാതി നൽകുന്നതുൾപ്പെടെ വിഷയത്തിൽ കാര്യക തുടർ നടപടികളൊന്നും പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ഉണ്ട ആവശ്യമായ അടിയന്തിര നടപടികൾ കൈക്കൊണ്ട് അക്കൌണ്ടിൽ അധികം പിൻവലിച്ച 90,000/-രൂപ തിരികെ ഈടാക്കി വിവരം ഓ ബോധ്യപ്പെടുത്തേണ്ടതാണ്.

## 1-19 പൊതുടാപ്പുകളുടെ വെള്ളക്കരം - കുടിശ്ശിക പഞ്ചായത്തിന് ബാധ്യതയാകുന്നു

സെക്രട്ടറി നടപ്പാക്കിയ കേരള വാട്ടർ അതോറിറ്റിക്ക് പൊതു കുടിവെള്ളടാപ്പ വെള്ളക്കരം അടക്കൽ എന്ന പദ്ധതിയിൽ (S0009/24) ധനകാര്യകമ്മീഷൻ ഗ്ര നിന്നും 1326802/-രൂപ ചെലവഴിച്ചിട്ടുണ്ട്. 09/2023 മുതൽ 12/2023 വ കാലയളവിലെ വെള്ളക്കരം (456 പൊതുടാപ്പുകളുടെ വെള്ളക്കരമി പ്രതിമാസം 553242/- രൂപ വീതം) തനത്ഫണ്ടിൽ നിന്നും ഒടുക്കിയ ശേഷം 1326 ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും റീകൂപ്പ് ചെയ്തിരിക്കുകയാണ്. പ്ര വെള്ളക്കരം കൃത്യമായി ഒടുക്കാതിരുന്നതിനാൽ ടി ഇനത്തിൽ 04/2024 ലെ വ നോട്ടീസ് പ്രകാരം (ബിൽ നം.83744) 73,67,088/-രൂപ കുടിശ്ശികയുണ്ട്.

സെക്രട്ടറി നടപ്പാക്കിയ പൊതുടാപ്പുകൾ വിച്ഛേദിക്കുന്നതിനുള്ള തുക ( (പ്രോജക്ട് നം. S0171/24) പദ്ധതിയിൽ പഞ്ചായത്തിലെ ഉപയോഗരഹിതമ ടാപ്പുകൾ വിച്ഛേദിച്ച് 2024 ജൂൺ മുതൽ 181 പൊതുടാപ്പുകളുടെ വെള്ളക ഒടുക്കുന്നത്. വെള്ളക്കരമിനത്തിൽ നിലനിൽക്കുന്ന കുടിശ്ശിക പരിഹരിക്ക സ്വീകരിച്ച നടപടികളുടെ വിശദാംശം ആരാഞ്ഞ് നൽകിയ അന്വേഷണത്തിന് (നം.05/02.12.24) ഫണ്ടിന്റെ അപര്യാപ്തത കാരണം പ്ര ഡിമാന്റ് യഥാസമയം ഒടുക്കാതിരുന്നതാണ് കുടിശ്ശികക്ക് കാരണമെ കുടിശ്ശിക നിവാരണത്തിനായി അദാലത്തുകളൊന്നും നടക്കാത്ത ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് കുടിശ്ശിക ഒടുക്കാൻ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി. എന്നാൽ വാട്ടർ അതോറിറ്റി ന ചെയ്യുന്ന വെള്ളക്കരം കുടിശ്ശികയുടെ കൃത്യത പരിശോധിക്കുന്നതിനാവ

രേഖകളൊന്നും പഞ്ചായത്തിൽ ലഭ്യമല്ല. കുടിശ്ശിക ഒടുക്കുന്നതിൽ സ്വീക
നടപടിക്രമങ്ങളിലെ കാലതാമസം കാരണം ടി ഇനത്തിലെ കുടിശ്ശിക
നവംബർ 2024 ലെ ബിൽ പ്രകാരം 99,16,672/-രൂപയായി ബാധ്യത ഉയർ
വർദ്ധിച്ചു വരുന്ന കുടിശ്ശിക തനത് ഫണ്ട് കുറവായ പഞ്ചായത്തിന് അധിക
സൃഷ്ടിക്കുമെന്നതിനാൽ ആയത് പരിഹരിക്കുന്നതിനാവശ്യമായ നട
സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്ന

## 1-20 സാമൂഹ്യസുരക്ഷാ പെൻഷൻ സസ്പെന്റ് ചെയ്യുന്നതിൽ കാലതാമസം

പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താ
വിവരവും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വ
ഒത്തുനോക്കിയതിൽ ക്ഷേമപെൻഷൻ ഗുണഭോക്താക്കളെ സേവനഡാറ്റാ
നിന്നും ഒഴിവാക്കുന്നതിൽ കാലതാമസം ഉള്ളതായി കാണുന്നു. ഇ
അനർഹമായ കാലയളവിലെ പെൻഷൻ തുക ബാങ്ക് അക്കൌണ്ട് വഴി
ലഭിച്ചുകൊണ്ടിരുന്നവർക്ക് അതാത് ബാങ്കുകളിലേക്കും, ഡയറക്ട് ടു ഹോം
ലഭിക്കുന്നവരുടെ പെൻഷൻ സർവ്വീസ് സഹകരണബാങ്ക
അക്കൌണ്ടുകളിലേക്കും നൽകിക്കൊണ്ടിരിക്കുന്നു. സഹകരണ ബാങ്കുക
നൽകിയതിന്റെ ഏതാനും ഉദാഹരണങ്ങൾ മാത്രം ചുവടെ ചേർക്കുന്നു.

സഹകരണ ബാങ്കുകൾ വഴി (ഡയറക്ട് ടു ഹോം)

| ക്രമ നം. | പേര്/വിലാസം | പെൻഷൻ തരം/ഐഡി | മരിച്ച തീയതി/ സസ്പെൻഡ് ചെയ്ത തീയതി | കൈപ്പറ്റാത്ത തുക | റിമാർ |
|---|---|---|---|---|---|
| 1 | ചെല്ലമ്മ, കരിപ്പോലിൽ പടീറ്റതിൽ, | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 104760200852 | 01.01.2023/ 14.09.2023 | 600x7 | 1/2023 6/2023 വരെ തുക കൈ സാധി |
| 2 | ഗോപി വി.എം, കിഴക്കേവള്ളിയിൽ, എരിക്കാവ്, | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 104760201633 | 01.06.2023/ 08.05.2024 | 600x9 | 3/2023 11/2023 വരെ തുക കൈ സാധി |
| 3 | ഗോപാലൻ, വാലിൽ,എരിക്കാവ് | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 104760200783 | 06.02.2023/ 14.09.2023 | 1600x7 | 12/2022 മുതൽ വരെ തുക |

| | | | | | |
|---|---|---|---|---|---|
| | | | | | കൈമ<br>സാധി |
| 4 | സുബൈദ, നദീറ ഭവനം,താമല്ലാക്കൽ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 104760202077 | 06.05.2023/ 13.11.2023 | 1600x4 | 3/2023 6/2023 വരെ<br>തുക<br>കൈമ<br>സാധി |
| 5 | കമലമ്മ വിജയൻ | കർഷക തൊഴിലാളി പെൻഷൻ 104760101202 | 11.01.2023/ 14.09.2023 | 1600x7 | 12/2022 മുതൽ<br>വരെ<br>തുക<br>കൈമ<br>സാധി |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (18/06.12.2024) ക്ക് ലഭ്യമാക്കിയ പ്രകാരം സൊസൈറ്റിയിൽ നിന്നും, മരണപ്പെട്ടവരുടെ ലിസ്റ്റ് നൽകുവാൻ വന്നതിനാലാണ് ടി പെൻഷനുകൾ സസ്പെന്റ് ചെയ്യുന്നതിന് കാല ഉണ്ടായതെന്നറിയിച്ചു. മുകളിൽ സൂചിപ്പിച്ചവർക്ക് അനർഹമായ കാലയള നൽകിയ തുക സഹകരണബാങ്കുകൾ, കേരള ബാങ്കിലെ ‌ അക്കൌണ്ടിലേക്ക് തിരികെ അടച്ചതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## <u>1-21 സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല</u>

| | |
|---|---|
| പ്രോജക്ടിന്റെ പേര് | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ |
| പ്രോജക്ട് നമ്പർ | S0027/24 |
| ഫണ്ട് | ധനകാര്യകമ്മീഷൻ അവാർഡ് |
| അടങ്കൽ | 5,00,000/- |
| ചെലവ് | 5,00,000/- |

ചെലവ് വിവരം-

| ബിൽ നമ്പർ/തീയതി | തുക |
|---|---|
| XV/FC/23-24/P/12/27.03.24 | 1,50,000/- |
| XV/FC/23-24/P/13/28.03.24 | 1,50,000/- |
| XV/FC/23-24/P/16/30.03.24 | 50,000/- |
| XV/FC/23-24/P/ 8/26.03.24 | 1,50,000/- |

മേൽ വിവരിച്ചതിൽ, അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി. ഇലക് സെക്ഷൻ, കാർത്തികപ്പള്ളിയുടെ DB/16/AE/KPLY/PPS/23-24/22.03.24 നമ്പർ പ്രകാരം സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ പദ്ധതിക്കായി നിക്ഷേപിച്ച 64576/- ര വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. കെ.എസ്.ഇ.ബി.യിൽ നിന്നും വി

സാക്ഷ്യപത്രം ലഭ്യമാക്കി വിവരം ഓഡിറ്റിൽ ബോധ്യപ്പെടുത്തുന്നതാണെന്ന് അന്വേഷണത്തിന് (05/02.12.24) മറുപടി നൽകി. 64576/- രൂപയുടെ തടസ്സപ്പെടുത്തുന്നു.

## 1-22 ലൈഫ് ഭവനപദ്ധതി - ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിച്ചില്ല

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന ലൈഫ് ഭവന നിർമ്മാണ പദ്ധ പ്രകാരമുള്ള രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന ഗുണഭോക ഭവന നിർമ്മാണത്തിനുള്ള ആദ്യ ഗഡു കൈപ്പറ്റിയിട്ടും നിലവിലും ഭവന നിർ ആരംഭിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ് | കൈപ്പറ്റിയ തുക | ബിൽ വിവരം |
|---|---|---|
| രോഹിണി,അശോക വിലാസം, വാർഡ് 14 | 40,000/- | 28/03.07.23 |
| ജഗദമ്മ, മല്ലേക്കര, വാർഡ് 11 | 40,000/- | |
| ശ്രീകുമാരി, കണ്ണംതറ, വാർഡ് 9 | 40,000/- | 32/03.07.23 |
| ഭാമിനി,പാലമൂട്ടിൽ, വാർഡ് 4 | 40,000/- | 27/03.07.2023 |
| പത്മാക്ഷി,പുത്തൻ പറമ്പിൽ,വാർഡ് 1 | 40,000/- | 32/03.07.2023 |
| ആകെ | 2,00,000 /- | |

ടി ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കി വിവരം ഓ ബോധ്യപ്പെടുത്തേണ്ടതാണ്. വിവരങ്ങൾ ലഭ്യമാക്കുന്നത് വരെ ചെലവഴിച്ച രൂപ തടസ്സപ്പെടുത്തുന്നു.

## 1-23 ഇടവേളകളില്ലാതെ തുടരുന്ന ഇടവിള കൃഷി

കുമാരപുരം ഗ്രാമപഞ്ചായത്ത് 15 വാർഡുകളിലായി 13.75 ചതുരശ്ര കി വിസ്തൃതിയിൽ നിലകൊള്ളുന്നു. ഓണാട്ടുകര പ്രദേശത്തിന്റെ ഗ്രാമപഞ്ചായത്ത് മണൽ നിറഞ്ഞ പശിമരാശി മണ്ണുള്ള പ്രദേശം കൂടിയാണ്. മണ്ണ് തെങ്ങ്, നെല്ല്, മരച്ചീനി, വാഴ, അടയ്ക്ക എന്നിവ സമൃദ്ധമായി സാഹചര്യം ഉണ്ടാക്കുന്നു.

2023-24 സാമ്പത്തിക വർഷം കാർഷിക മേഖലയിലെ പദ്ധതികൾ ഗ്രാമപ ആവിഷ്കരിച്ചപ്പോൾ തെങ്ങ്, നെല്ല് എന്നീ ഇനത്തിലുള്ള കൃഷികൾക്ക് പ്രാധാന്യവും നൽകിയില്ല എന്നത് പദ്ധതി അവലോകനത്തിലൂടെ മനസ്സി കഴിഞ്ഞു. ഇടവിളക്കൃഷികളെ മാത്രം അമിതമായി പ്രോത്സാഹിപ്പിക്കുന്ന ശക്തമായി പ്രതിഫലിക്കുന്നുണ്ട്. ഇതിനെ സംബന്ധിക്കുന്ന വിവരക്കണക്കുകൾ ചുവടെ ചേർക്കുന്നു.

സുലേഖ ചെലവ് പത്രിക പ്രകാരം കഴിഞ്ഞ 5 വർഷം ഇടവിള കൃഷ ചെലവഴിച്ച തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| **വർഷം** | **ചെലവഴിച്ച തുക** |
|---|---|

| | |
|---|---|
| 2019-20 | 999749 |
| 2020-21 | 973238 |
| 2021-22 | 425000 |
| 2022-23 | 872100 |
| 2023-24 | 1810000 |
| **ആകെ** | **50,80,087** |

2023-24 സാമ്പത്തികവർഷം നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച 1885000 രൂപയിൽ 1810000 ഇടവിളക്കൃഷിക്ക് വേണ്ടിയായിരുന്നു. അതായത് പദ്ധതി തുകയുടെ 96 ശത ഇടവിളക്കൃഷിക്ക് മാത്രം ചെലവഴിച്ചു.

